(ബി) 2012 നവംബർ മാസത്തിലാണ് സ്നേഹപൂർവ്വം പദ്ധതി ധനസഹായം ആരംഭിക്കുന്നത്. 2013-14 വർഷത്തിൽ അപേക്ഷകൾ നേരിട്ട് സ്വീകരിച്ച് ധനസഹായം അനുവദിച്ചിരുന്നു. പ്രസ്തുത വർഷത്തിൽ മണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിച്ചിട്ടില്ല. ചേർത്തല മണ്ഡലം ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിൽനിന്നും 1408 വിദ്യാർത്ഥികൾക്ക് 2013-14 അദ്ധ്യയന വർഷത്തിൽ ആനുകൂല്യം നൽകിയിട്ടുണ്ട്. 2014-15 അദ്ധ്യയന വർഷം മുതൽ അപേക്ഷ സ്ഥാപന മേധാവി മുഖേന ഓൺലൈനായാണ് സ്വീകരിച്ചുവന്നിരുന്നത്. ചേർത്തല മണ്ഡലത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും 2014-15 വർഷത്തിൽ ഓൺലൈനായി സമർപ്പിച്ച 680 അപേക്ഷകളിൽ അർഹതയുള്ള 542 വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) സ്നേഹപൂർവ്വം പദ്ധതി ആനുകൂല്യത്തിന് അവർ പഠിക്കുന്ന ഗവൺമെന്റ്/ എയ്ഡഡ് സ്ഥാപന മേധാവികൾ അപേക്ഷ പരിശോധിച്ചാണ് ശിപാർശ ചെയ്യുന്നത്.

സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടാൻ അർഹരായ വിദ്യാർത്ഥികൾ അവരുടെ അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം വിദ്യാഭ്യാസ സ്ഥാപനമേധാവിക്ക് സമർപ്പിക്കുകയാണ് വേണ്ടത്. ഇപ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾ ഓൺലൈനായി സാമൂഹ്യ സുരക്ഷാ മിഷനിലേയ്ക്ക് സമർപ്പിക്കുന്നതിന് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷനിൽനിന്നും വകുപ്പ് മേധാവികൾക്ക് ഇക്കാര്യത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. നിർദ്ദേശങ്ങൾ പാലിക്കാത്ത സ്കൂളുകൾക്കും പ്രധാന അദ്ധ്യാപകർക്കുമെതിരെ സാമൂഹ്യ സുരക്ഷാ മിഷനിൽനിന്നും നടപടി സ്വീകരിച്ചിട്ടില്ല.

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

അനാഥാലയങ്ങളുടെ പ്രവർത്തനം

283 (3490) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാഥാലയങ്ങൾ ഏതെല്ലാം മാനേജ്മെന്റുകളുടെ കീഴിലാണെന്നും അവ സ്വകാര്യ വ്യക്തികളാണോ ചാരിറ്റബിൾ സ്ഥാപനങ്ങളാണോയെന്നും വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് സുഗമമായി പ്രവർത്തിക്കുന്നതിനാവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തുകയോ വീഴ്ച വരുത്തുകയോ ചെയ്ത് സ്വകാര്യ - ചാരിറ്റബിൾ സ്ഥാപനങ്ങൾക്ക് വൻ തുക ധനസഹായം അനുവദിക്കുന്നതായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ വർഷവും ഏതെല്ലാം ചാരിറ്റബിൾ സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് തുകയുടെ വിശദാംശം ഉൾപ്പെടെ വെളിപ്പെടുത്താമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങൾ തുക വിനിയോഗിക്കുന്നതിലും അവയുടെ ദൈനംദിന പ്രവർത്തനങ്ങളിലും സത്യസന്ധത പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

നാടോടികൾക്ക് സുരക്ഷിത താമസസൗകര്യം

284 (3491) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. വർക്കല കഹാർ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാടോടികൾക്ക് സുരക്ഷിത താമസ സൗകര്യം ഒരുക്കുന്നതിന് കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

GPM. 2/244/2020-46

LIBRARY ARCHIVES Kerala Legislative Assembly